# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.4489

22.07.2015-ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ റോഡപകടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.ചന്ദ്രൻ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ കഴിഞ്ഞ 6 മാസത്തിനിടയിൽ എത്ര റോഡപകടങ്ങൾ സംഭവിച്ചിട്ടുണ്ട്; | (എ) | 1,348 റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) | ഇതിൽ എത്രപേർ മരണപ്പെടുകയുണ്ടായി ; | (ബി) | 212 പേർ മരണപ്പെടുകയുണ്ടായി. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) | വാഹന പരിശോധന,ബോധവത്കരണം എന്നിവ നടത്തിയും, മദ്യപിച്ച് വാഹനം ഓടിക്കുന്നവർ, അമിത വേഗതയിൽ വാഹനം ഓടിക്കുന്നവർ എന്നിവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും മറ്റും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | ജില്ലയിലെ റോഡ് സുരക്ഷാ കൗൺസിലോ സർക്കാരോ ഇതിനു വേണ്ടി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (ഡി) | ഉണ്ട്. റോഡ് സുരക്ഷാ പദ്ധതിയ്ക്ക് 2013-14 സാമ്പത്തിക വർഷത്തിൽ 4,49,031/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ, ജില്ലാ റോഡ് സേഫ്റ്റി കൗൺസിലിൽ നിന്നും 5 ലക്ഷം രൂപ റോഡ് സുരക്ഷാ പദ്ധതിയ്ക്കായി 19.05.2013-ൽ അനുവദിയ്ക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ